# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2508 08.05.2017 -ലെ മറുപടി

## കടൽഭിത്തി നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് തീരദേശമേഖലയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പ്രവൃത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ ഉദുമ ഗ്രാമ പഞ്ചായത്തിൽ കാപ്പിൽ-കൊപ്പൽ കടൽ കടപ്പുറത്ത് C.P.Stone No.2685 ന് 40 മീറ്റർ തെക്ക് മുതൽ 1140 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിനായി 8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇവ സർക്കാരിന്റെ പരിഗണനയ്ക്ക് വിടാതെ തിരിച്ചയച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എസ്റ്റിമേറ്റ് തിരിച്ചയച്ചതിന്റെ കാരണം വിശദമാക്കുമോ; | (സി) | CWPRS/IIT പഠനം നടത്തി സൈറ്റിനനുസരിച്ചുള്ള ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഐ.ഐ.ടി പഠനം നടത്തിയിട്ടില്ലായെന്ന കാരണത്താൽ എസ്റ്റിമേറ്റ് തിരിച്ചയക്കുകവഴി ഇത്തരം ഒരു പ്രവൃത്തിയും നടപ്പിലാക്കുവാൻ സാധിക്കുകയില്ലായെന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഡി) | ഇല്ല. CWPRS പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഡിസൈൻ കിട്ടുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്ക് വിധേയമായി പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ